മീൻമുട്ടി വെള്ളച്ചാട്ടത്തിനു സമീപം വിവിധ പണികൾക്കായി ചെലവായ തുക

1342. [2015] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാർ വനത്തിനുള്ളിൽ മീൻമുട്ടി വെള്ളച്ചാട്ടത്തിനു സമീപം മരത്തിന്റെ മുകളിൽ ഏറുമാടം കെട്ടുന്നതിനും, അഗസ്ത്യകൂടത്തിലേക്കു പാത നിർമ്മിക്കുന്നതിനും ഇതുവരെ എത്ര രൂപ ചെലവഴിച്ചു ;

(ബി) അവയുടെ ഇനം തിരിച്ചുള്ള കണക്ക് പ്രത്യേകം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 35,354 രൂപ ചെലവഴിച്ചു.

(ബി) മരത്തിന്റെ മുകളിൽ ഏറുമാടം കെട്ടുന്നതിന് 5,405 രൂപയും അഗസ്ത്യകൂടത്തിലേക്കു പാത നിർമ്മിക്കുന്നതിന് 29,949 രൂപയും ചെലവായി.

മാൻ വളർത്തൽ കേന്ദ്രത്തിനു ചെലവാക്കിയ തുക

1343. [2016] ശ്രീ. കെ.വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നെയ്യാർ വനത്തിനുള്ളിലെ മാൻവളർത്തൽ കേന്ദ്രത്തിനു വേണ്ടി ഇതുവരെ ചെലവാക്കിയ തുകയുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഈ കേന്ദ്രത്തിൽ ഓരോ വർഷവും ചെലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) മാൻ വളർത്തൽ കേന്ദ്രത്തിലേക്കു റോഡുപണിയുന്നതിലേക്കായി എത്ര രൂപ ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഇതുവരെ ചെലവാക്കിയ 1,00,806.24 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. തീറ്റ, സംരക്ഷണം തുടങ്ങിയവ 34,547.71 രൂപ.
2. കൂട്, ചെയിൻ ലിംഗ്സ് 49,924.13 രൂപ.
3. ട്രാൻസ്പോർട്ടിംഗ് 16,334.44 രൂപ.

(ബി) ഓരോ വർഷവും ചെലവാക്കിയ തുകയുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

ഇനം	1981-82	1982-83	1983-84	1984-85	1985-86
1. തീറ്റ സംരക്ഷണം തുടങ്ങിയവ	..	1222.33	13807.30	9067.58	10450.50
2. കൂട് ചെയിൻ ലിംഗ്സ്	34000	2412.41	13511.72	..	..
3. ട്രാൻസ്പോർട്ടിംഗ്	..	220.00	16114.40	..	..
മൊത്തം	34000	3854.74	43433.42	9067.58	10450.50

(സി) മാൻ വളർത്തൽ കേന്ദ്രത്തിലേക്ക് റോഡു പണിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly